## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4665

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, എം. ഉമ്മർ<br>,, സി. മമ്മൂട്ടി<br>,, പി. ബി. അബ്ദുൾ റസാക് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് കേന്ദ്രത്തിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പദ്ധതിയിലെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. |
| (സി) | കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസരണമായി എന്തൊക്കെ മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നെൽകൃഷി, ക്ഷീര വികസനം, പരമ്പരാഗത വ്യവസായങ്ങളായ കയർ, ഖാദി എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിനും തൊഴിലാളികളുടെ നിലവിലെ വേതനം 180/- രൂപയിൽ നിന്നും കർഷകതൊഴിലാളികളുടെ മിനിമം വേതനമായ 200/- രൂപയായി ഉയർത്തുന്നതിനും പദ്ധതി മോണിറ്റർ ചെയ്യുന്ന എം.ഐ.എസ് ഫലപ്രദമാകുന്നതിന് സംസ്ഥാനത്ത് പ്രത്യേക സെർവർ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ